**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4653** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാലപ്പഴക്കം ചെന്ന ബോട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിൽ ഉപയോഗശൂന്യമായ/ കാലപ്പഴക്കം ചെന്ന എത്ര ബോട്ടുകളുണ്ടെന്ന് വിശദമാക്കാമോ; | (എ) | വകുപ്പിൽ നിലവിൽ കാലപ്പഴക്കം ചെന്ന ഉപയോഗശൂന്യമായ 25 ബോട്ടുകളാണ് ഉള്ളത്. |
| (ബി) | ബോട്ട് സ്റ്റേഷനുകളിൽ കെട്ടിയിട്ടിരിക്കുന്ന പ്രസ്തുത ബോട്ടുകൾ നീക്കം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ; | (ബി) | ടി ബോട്ടുകൾ എല്ലാംതന്നെ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (സി) | പഴകിയ ബോട്ടുകൾ ലേലം ചെയ്ത് വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ലേല നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് ബോട്ടുകൾ ഡിസ്പോസ് ചെയ്യുന്നതിനായി ലഭിച്ച ശിപാർശ പരിശോധിച്ചുവരികയാണ്. മൂന്ന് ബോട്ടുകൾക്ക് ലേലം ചെയ്തു ലഭിച്ച തുക അസസ്ഡ് വാല്യൂവിനേക്കാൾ കുറവായതിനാൽ റീ-ടെണ്ടറിനുള്ള നടപടികൾ പുരോഗമിക്കുന്നു. എട്ട് ബോട്ടുകൾ ടെണ്ടർ ചെയ്യുന്നതിന് ആവശ്യമായ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തുറമുഖ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. പത്ത് ഫൈബർ ബോട്ടുകൾ ടെണ്ടർ ചെയ്ത് ലഭിച്ച തുകകൾ കമ്മിറ്റി വിലയിരുത്തിയിട്ടുണ്ട്. രണ്ട് ബോട്ടുകൾ ടെണ്ടർ ചെയ്ത് അസസ്ഡ് വാല്യൂവിനേക്കാൾ അധികം തുക ലഭിച്ചിട്ടുള്ളവ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ